## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3058** **19.06.2018- ൽ മറുപടിയ്ക്ക്**

### ജൈവ പച്ചക്കറി ഉത്പാദനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ വിഷമുക്തമാണെന്ന് ചെക്പോസ്റ്റുകളിലെ പരിശോധനയിലൂടെ ഉറപ്പു വരുത്തിയിട്ടാണോ സംസ്ഥാനത്ത് വിൽക്കുന്നത്; | (എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവയിൽ രാസ വസ്തുക്കൾ ചേർത്തവയല്ലെന്ന് ഉറപ്പുവരുത്തവാൻ വിപണന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി. എൽ (നാഷ്ണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അംഗീകാരമുള്ള ലബോറട്ടറികളിലും വെള്ളായണി കാർഷിക കോളേജിലും അടിയന്തിര സാഹചര്യങ്ങളിൽ എൻ.എ.ബി.എൽ അംഗീകാരമുള്ള സ്വകാര്യ ലബോറട്ടികളിലും പരിശോധനയ്ക്ക് വിധേയമാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സഹായത്തോടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻ.എ.ബി. എൽ അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ തുടർ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിനകത്ത് ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിനകത്ത് ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 14050 ഹെക്ടർ സ്ഥലത്ത് സംസ്ഥാന പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും അടിസ്ഥാനമാക്കിയും 2407 ഹെക്ടർ സ്ഥലത്ത് കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി നടപ്പിലാക്കുകയും വഴി ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ